# ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26.02.2026**

## പ്രധാനവാർത്തകൾ

1. നിരവധി മേഖലകളിൽ സഹകരണം ശക്തമാക്കി ഇന്ത്യയും ഇസ്രായേലും. ഇന്ത്യ-ഇസ്രായേൽ ബന്ധത്തിന് ശക്തമായ അടിത്തറയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. ഒരു ദിവസത്തെ സന്ദർശനത്തിനായി ജാർഖണ്ഡിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമുവിന് ഊഷ്മള സ്വീകരണം.

3. നീതിന്യായ വ്യവസ്ഥയിലെ അഴിമതിയെക്കുറിച്ചുള്ള പരാമർശത്തെ തുടർന്ന് എട്ടാം ക്ലാസിലെ പാഠപുസ്തകം നിരോധിച്ച് സുപ്രീം കോടതി.

4. മെഡിക്കൽ കോളേജുകളിലെ അവശ്യ സേവനങ്ങൾ തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ച് ഹൈക്കോടതി.

5. സംസ്ഥാനതല പട്ടയമേളയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

6. പുരുഷ ട്വൻറി - 20 ലോകകപ്പ് ക്രിക്കറ്റിൽ വെസ്റ്റ് ഇൻഡീസിനെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് ഒമ്പത് വിക്കറ്റ് ജയം.

*****************************

RNUTVPM

## പ്രധാനമന്ത്രി - ഇസ്രയേൽ

നിരവധി മേഖലകളിൽ സഹകരണം ശക്തമാക്കി ഇന്ത്യയും ഇസ്രായേലും. ഭൗമ-ഭൗതിക പര്യവേക്ഷണം, മത്സ്യബന്ധനം, മത്സ്യക്കൃഷി, യുപിഐ, കൃത്രിമബുദ്ധിയുടെ ഉപയോഗത്തിലൂടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തൽ,സാംസ്കാരിക വിനിമയം എന്നിവയുൾപ്പെടെ വർധിപ്പിക്കുന്നത് സംബന്ധിച്ച ധാരണാപത്രങ്ങളിൽ ഇരുരാജ്യങ്ങളും ഒപ്പിട്ടു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും തമ്മിലുള്ള പ്രതിനിധിതല ചർച്ചകൾക്ക് ശേഷമാണ് ധാരണാപത്രങ്ങൾ ഒപ്പിട്ടത്. പരസ്പര വിശ്വാസം, ജനാധിപത്യ മൂല്യവിനിമയം എന്നിവയുടെ ശക്തമായ അടിത്തറയിലാണ് ഇന്ത്യ-ഇസ്രായേൽ ബന്ധം സ്ഥാപിതമായതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇസ്രായേലിൽ യുപിഐ ഉപയോഗിക്കുന്നതിനായി കരാറിലെത്തിയതായി അദ്ദേഹം അറിയിച്ചു. നവീകരണത്തിൽ ഊന്നിയുള്ള ബന്ധമാണ് ഇസ്രായേലും ഇന്ത്യയും തമ്മിലുള്ളതെന്ന് ബന്യാമിൻ നെതന്യാഹു പറഞ്ഞു. പ്രസിഡന്റ് ഐസക് ഹെർസോഗുമായും പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തി.

RNU TVM

*****************************

## രാഷ്ട്രപതി സന്ദർശനം

ഒരു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ജാർഖണ്ഡിലെത്തി. ഗവർണർ സന്തോഷ് കുമാർ ഗാങ്‌വാറും മുഖ്യമന്ത്രി ഹേമന്ത് സോറനും റാഞ്ചിയിലെ ബിർസ മുണ്ട വിമാനത്താവളത്തിൽ രാഷ്ട്രപതിയെ സ്വീകരിച്ചു. പിന്നീട് ജംഷഡ്പൂരിൽ എത്തിയ ശ്രീമതി മുർമു, കദ്മയിലെ ശ്രീ ജഗന്നാഥ

ക്ഷേത്രത്തിൻറെ തറക്കല്ലിടലും 'ഭൂമി പൂജയും' നിർവഹിച്ചു.ഗവർണറും മുഖ്യമന്ത്രിയും ചടങ്ങിൽ പങ്കെടുത്തു.

***************************

## പുസ്തകം - സുപ്രീം കോടതി

നീതിന്യായ വ്യവസ്ഥയിലെ അഴിമതിയെക്കുറിച്ചുള്ള പരാമർശത്തെ തുടർന്ന് എട്ടാം ക്ലാസിലെ പാഠപുസ്തകം നിരോധിച്ച് സുപ്രീം കോടതി. പുസ്തകങ്ങളുടെ മുഴുവൻ കോപ്പികളും പിടിച്ചെടുക്കാനും പരമോന്നത കോടതി നിർദേശം നൽകി. ഓൺലൈൻ പതിപ്പിനും നിരോധനം ഏർപ്പെടുത്തി. നിർദേശം എത്രയും വേഗം നടപ്പിലാക്കാൻ കേന്ദ്ര- സംസ്ഥാന സർക്കാരുകളോട് കോടതി ഉത്തരവിട്ടു. ഉത്തരവ് നടപ്പിലാക്കിയില്ലെങ്കിൽ കർശന നടപടി സ്വീകരിക്കുമെന്നും പരമോന്നതകോടതി മുന്നറിയിപ്പ് നൽകി. എൻസിആർടി ഡയറക്ടർ, സ്കൂൾ വിദ്യാഭ്യാസ സെക്രട്ടറി, എന്നിവർക്ക് കോടതി കാരണം കാണിക്കൽ നോട്ടീസ് നൽകി.

RNUTVPM

***************************

## കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് (ഇൻട്രോ)

വ്യക്തിയുടെ സമ്മതം ഇല്ലാതെ മുഖമോ ശബ്ദമോ മറ്റ് വ്യക്തിപരമായ വിവരങ്ങൾ ഉൾപ്പെടുത്തി കൃത്രിമമായ ഉള്ളടക്കങ്ങൾ നിർമ്മിക്കരുതെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. കുട്ടികളുടെയും പൗരന്മാരുടെയും ഓൺലൈൻ സുരക്ഷ ഉറപ്പാക്കണമെന്നും, ഡൽഹിയിൽ നടന്ന ഒരു മാധ്യമ കോൺക്ലേവിൽ സംസാരിക്കവെ അദ്ദേഹം നിർദ്ദേശിച്ചു .

(വോയിസ് ....)

***************************

## അമിത് ഷാ

ഇന്ത്യൻ മണ്ണിൽ നിന്ന് ഓരോ നുഴഞ്ഞുകയറ്റക്കാരെയും പുറത്താക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ.ബിഹാറിലെ അരാരിയിൽ നടന്ന റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ അമിത്ഷാ.നുഴഞ്ഞുകയറ്റക്കാരിൽ നിന്നുള്ള മോചനം എന്നത് വോട്ടർ പട്ടികയിൽ നിന്ന് പേര് നീക്കം ചെയ്യുന്നതിൽ മാത്രം ഒതുങ്ങുന്നതല്ലെന്ന് അദ്ദേഹം പറഞ്ഞു. നിയമവിരുദ്ധ നുഴഞ്ഞുകയറ്റം പൂർണ്ണമായും ഇല്ലാതാക്കുന്നതിന് സർക്കാർ സമഗ്രമായ നടപടികൾക്ക് തുടക്കമിട്ടതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.

*****************************

## ഹൈക്കോടതി - മെഡിക്കൽ കോളേജ്

PNUTVPM

സർക്കാർ മെഡിക്കൽ കോളേജുകളിലെ അവശ്യ സേവനങ്ങൾ തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പാക്കണമെന്ന് സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ച് ഹൈക്കോടതി. കേരള ഗവൺമെന്റ് മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ നടത്തിവരുന്ന അനിശ്ചിതകാല ഒ പി ബഹിഷ്കരണത്തിന്റെ പശ്ചാത്തലത്തിൽ ഒരു പൊതുതാൽപ്പര്യ ഹർജി പരിഗണിക്കുകയായിരുന്നു കോടതി . ഒപിപ്രവർത്തനം തടസ്സമില്ലാതെ തുടരാൻ മറ്റ് ഡോക്ടർമാരെ നിയമിക്കുന്നതായും പണിമുടക്കുന്ന ഡോക്ടർമാരുമായി ചർച്ച നടത്തുന്നതായും സർക്കാർ കോടതിയെ അറിയിച്ചു.

*****************************

## ആക്കുളം ചേറ്റുവ ജലപാത (ഇൻട്രോ)

280 കിലോമീറ്റർ ദൈർഘ്യമുള്ള ആക്കുളം-ചേറ്റുവ ജലപാതയുടെ ആദ്യ ഘട്ടം വർക്കലയിലെ ചിലക്കൂർ ബീച്ച് പാർക്കിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ചിലക്കൂർ ടൂറിസം

പദ്ധതിയും പശ്ചിമതീര കനാൽ നവീകരണ പദ്ധതിയുടെ ഭാഗമായി പൂർത്തിയാക്കിയ മറ്റ് വികസന സംരംഭങ്ങളും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. കേരളത്തെ തെക്ക് വടക്ക് ബന്ധിപ്പിക്കുന്ന ജലപാതയെന്ന കേരളത്തിന്റെ ദീർഘനാളായുള്ള സ്വപ്നമാണ് ഇന്ന് യാഥാർത്ഥ്യമായത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയ്സ്)

******************************

പട്ടയമേള - തൃശ്ശൂർ

എൽ.ഡി.എഫ് സർക്കാർ ജനങ്ങൾക്ക് നൽകിയ 600 വാഗ്ദാനങ്ങളിൽ 580 എണ്ണവും പാലിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനതല പട്ടയമേളയുടെ ഔപചാരിക ഉദ്ഘാടനം തൃശൂരിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ബി ജെ പിയും കോൺഗ്രസും ഒരേ നയങ്ങളാണ് വച്ചു പുലർത്തുന്നത്. സാധാരണക്കാർക്കൊപ്പം നിൽക്കുന്ന നയമാണ് എൽ ഡി എഫിന്റേതെന്നും ശ്രീ പിണറായി വിജയൻ പറഞ്ഞു. കേരളം കണ്ട മഹാമാരികളേ ചെറുത്ത് തോൽപ്പിക്കാൻ സർക്കാരിന് കഴിഞ്ഞതായും മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

******************************

പട്ടയമേള -മലപ്പുറം-ഇടുക്കി-കോഴിക്കോട്

ഇടുക്കി ജില്ലാതല പട്ടയമേളയുടെ ഉദ്ഘാടനം മന്ത്രി റോഷി അഗസ്റ്റിനും മലപ്പുറം ജില്ലയിലെ പട്ടയമേളയുടെ ഉദ്ഘാടനം മന്ത്രി വി. അബ്ദുറഹ്മാനും നിർവഹിച്ചു. കോഴിക്കോട് ജില്ലാതല പട്ടയമേള മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു.

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

(ബ്രേക്ക്)

******************************

## ട്വന്റി -20 ലോകകപ്പ്

ഐ.സി.സി പുരുഷ ട്വന്റി ട്വന്റി ലോകകപ്പ് ക്രിക്കറ്റിലെ സൂപ്പർ 8 ഗ്രൂപ്പ് 1 മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് ഒമ്പത് വിക്കറ്റ് ജയം. ആദ്യം ബാറ്റ് ചെയ്ത വെസ്റ്റ് ഇൻഡീസ് നിശ്ചിത ഓവറിൽ 176 റൺസ് എടുത്തപ്പോൾ ദക്ഷിണാഫ്രിക്ക 16.1 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. രാത്രി എഴിന് ചെന്നൈയിൽ നടക്കുന്ന ഗ്രൂപ്പ് വണ്ണിലെ മറ്റൊരു മത്സരത്തിൽ, ഇന്ത്യ ഇന്ന് സിംബാബ്‌വെയെ നേരിടും.

RNU TVPM

******************************

## തീവ്ര വോട്ടർ പട്ടിക

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായി തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേര് ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ ECINET മൊബൈൽ ആപ്പ് വഴിയോ ബന്ധപ്പെട്ട ബൂത്ത് ലെവൽ ഓഫീസർ വഴിയോ അപേക്ഷിക്കാം. തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുള്ളത്.

******************************

## ബജറ്റ് - കണ്ണൂർ (ഇൻട്രോ)

അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള കണ്ണൂർ കോർപ്പറേഷൻറെ ബജറ്റിൽ നൂതന പദ്ധതികൾ നടപ്പാക്കുമെന്ന് വൻ പ്രഖ്യാപനം. 715 കോടി 84 ലക്ഷം രൂപ വരവും, 355 കോടി 41 ലക്ഷം രൂപ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റ്, ഡെപ്യൂട്ടി മേയർ കെ. പി. താഹിറാണ് അവതരിപ്പിച്ചത്. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ ..**

(വോയ്സ്)

******************************

## വനം വകുപ്പ് - തിരുവനന്തപുരം

സംസ്ഥാനത്ത് കാട്ടുതീ നിയന്ത്രിക്കുന്നതിനും വനം കയ്യേറ്റം തടയുന്നതിനും വേണ്ടിയുള്ള വനം വകുപ്പിന്റെ ഫോർസൈറ്റ് സംവിധാനം മന്ത്രി എ കെ ശശീന്ദ്രൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. സംസ്ഥാന വനം വികസന ഏജൻസിക്കായി കിഫ്ബി ധനസഹായത്തോടെ നൽകിയ ഫോർ വീൽ ഡ്രൈവ് വാഹനങ്ങളുടെ ഫ്ളാഗ് ഓഫും മന്ത്രി നിർവ്വഹിച്ചു. മനുഷ്യ വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള പൂർണമായ എല്ലാ അപേക്ഷകളിലും മാർച്ച് 31-ന് അകം ധനസഹായം വിതരണം ചെയ്യുമെന്നും മന്ത്രി പ്രഖ്യാപിച്ചു.

RNUTVPM

******************************

## കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്

കാഴ്ചയില്ലാത്തവർ ഉൾപ്പെടയുള്ള ഭിന്ന ശേഷിക്കാർക്കു വേണ്ടിയുള്ള പ്രത്യേക വിദ്യാലയങ്ങളിലെ ബോർഡിങ് ഗ്രാൻഡും

മറ്റാനുകൂല്യങ്ങളും വർധിപ്പിക്കണമെന്ന് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്. ശാസ്ത്രീയമായി സൂക്ഷ്മ പരിശോധനയോടെ മാത്രം ഭിന്നശേഷി സർട്ടിഫിക്കറ്റ് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സംഘടന ഭാരവാഹികളായ കെ എം അബ്ദുൾ ഹക്കീം , കെ ജെ വർഗീസ് എന്നിവർ അറിയിച്ചു .

*****************************

## കെ.എസ്.ആർ.ടി.സി

കെ.എസ്.ആർ.ടി.സിയ്ക്ക് പെൻഷൻ വിതരണത്തിനായി സർക്കാർ 73.50 കോടി രൂപകൂടി അനുവദിച്ചതായി ധന മന്ത്രി കെ.എൻ ബാലഗോപാൽ അറിയിച്ചു. നടപ്പു ബജറ്റിൽ കോർപ്പറേഷനായി നീക്കിവച്ചത് 900 കോടി രൂപയാണ്. പെൻഷൻ വിതരണത്തിന് 879 കോടി രൂപ ഉൾപ്പെടെ ഈ വർഷം 1,399 കോടി രൂപയാണ് കെ.എസ്.ആർ.ടി.സിയ്ക്ക് സർക്കാർ സഹായമായി ഇതുവരെ കൈമാറിയതെന്നും മന്ത്രി പറഞ്ഞു.

RNU TVPM

****************************************************************************

*********